**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 3058 21/08/2017-ൽ മറുപടിയ്ക്ക്

**ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതി - റവന്യൂ റിക്കവറി**

**ചോദ്യം** **മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ** **ശ്രീ. എം.ബി രാജേഷ്**

**(തദ്ദേശ സ്വയംഭരണം, എക്സൈസ് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി )**

| | | | |
|---|---|---|---|
| എ) | ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 2010 ൽ വായ്പയുടെ ആദ്യ ഗഡു ലഭിച്ച ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിലെ മണ്ണാശ്ശേരി വീട്ടിൽ ശ്രീമതി ഗായത്രി ദേവിയുടെ ഭർത്താവ് മരണപ്പെട്ടതിനെ തുടർന്ന് വീട് നിർമ്മിക്കുവാൻ അനുവദിച്ച തുക വിനിയോഗിക്കാതെ വരികയും തുടർന്ന് റവന്യൂ റിക്കവറി നടപടികളിലൂടെ പ്രസ്തുത തുക തിരിച്ചടയ്ക്കുകയും ചെയ്തതിനെ തുടർന്ന് വായ്പാ കരാർ റദ്ദുചെയ്ത് കൈനകരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയ അവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിന്റെ പ്രമാണം തിരികെ നൽകണമെന്ന ശ്രീമതി ഗായത്രി ദേവിയുടെ അപേക്ഷ പരിഗണിച്ച് കൈനകരി ഗ്രാമപഞ്ചായത്ത് ഭരണ സമിതി കൈക്കൊണ്ട തീരുമാനം തദ്ദേശ സ്വയംഭരണ വകുപ്പിന് | എ) | ഉണ്ട്. 22.03.2017 ൽ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ലഭിച്ചിട്ടുണ്ടോ; എപ്പോഴാണ് പ്രസ്തുത കത്ത് ഗവൺമെന്റിന് ലഭിച്ചത്; | | |
| ബി) | വിധവയും നിരാലംബയുമായ അപേക്ഷകയുടെ ആകെയുള്ള കൈവശ ഭൂമിയുടെ മേലുള്ള ബാദ്ധ്യതകളെല്ലാം തീർത്ത് നൽകുകയും ഇതു സംബന്ധിച്ച് കൈനകരി ഗ്രാമപഞ്ചായത്ത് 26.05.2016 ലെ സാധാരണ മീറ്റിംഗിലെ VII (II)-ാം നമ്പർ തീരുമാനം ഗവൺമെന്റിനെ അറിയിച്ചിട്ടും ശ്രീമതി ഗായത്രി ദേവിയുടെ പ്രമാണം തിരികെ നൽകുവാൻ ഇനിയും കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | ബി) | ശ്രീമതി ഗായത്രി ദേവിയുടെ അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിക്കുകയും ശ്രീമതി ഗായത്രി ദേവി ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടച്ചുവെന്ന് ഉറപ്പ് വരുത്തിയ ശേഷം ടിയാളുടെ പേരിൽ രജിസ്റ്റർ ചെയ്ത കരാർ പത്രം റദ്ദ് ചെയ്ത് നല്കാവുന്നതാണ് എന്ന് 19.08.2017 ലെ 88/ഡി.ബി.1/17/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറെ അറിയിക്കുകയുണ്ടായി. |
| സി) | ശ്രീമതി ഗായത്രി ദേവി വായ്പയെടുത്ത തുക കുടിശ്ശികയും പലിശയും അടക്കം അടച്ച് തീർത്തിട്ടും പ്രമാണം തിരികെ നൽകാതെ തദ്ദേശ സ്വയംഭരണ വകുപ്പ് കൈവശം വയ്ക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | സി) & ഡി) | ഗ്രാമപഞ്ചായത്ത് ഗായത്രി ദേവിയിൽ നിന്നും പ്രമാണം വാങ്ങി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുക മാത്രമാണ് ചെയ്തിട്ടുള്ളത്. |
| ഡി) | ശ്രീമതി ഗായത്രി ദേവിയുടെ പ്രമാണം എപ്പോൾ തിരികെ നൽകുമെന്ന വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ